**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1335** **01-02-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി റസ്റ്റ് ഹൗസ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി റസ്റ്റ് ഹൗസ് നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ? | (എ) | കുറ്റ്യാടി റസ്റ്റ് ഹൗസിന് 2 മുറികളോട് കൂടിയ പഴക്കം ചെന്ന ഒരു കെട്ടിടമാണ് നിലവിലുള്ളത്. ആവശ്യമായ നവീകരണ പ്രവൃത്തികൾ നടത്തി പ്രസ്തുത കെട്ടിടം സംരക്ഷിച്ച് വരുന്നുണ്ട്. കുറ്റ്യാടി റസ്റ്റ് ഹൗസിന് കൂടുതൽ സൗകര്യങ്ങളോട് കൂടിയ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് കിടക്കുന്ന 4.89 സെന്റ് റവന്യൂ ഭൂമി ലഭ്യമാകേണ്ടതുണ്ട്. പ്രസ്തുത ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ